**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4420** **19-07-2022 - ൽ മറുപടിയ്ക്ക്**

**ഏലിയത്ത് തറ കോളനിയിലെ അംബേദ്കർ ഗ്രാമ വികസന പദ്ധതി പ്രവൃത്തികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ.കെ.ടി.ജലീൽ | | ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | തവനൂർ മണ്ഡലത്തിലെ എടപ്പാൾ ഗ്രാമപഞ്ചായത്തിൽപ്പെട്ട ഏലിയത്ത് തറ കോളനിയിൽ അംബേദ്കർ ഗ്രാമ വികസന പദ്ധതിയിൽ ഉൾപ്പെടുത്തി ചെയ്യുന്ന പ്രവൃത്തികളിൽ ഏതെല്ലാം പ്രവൃത്തികൾ പൂർത്തീകരിച്ചു എന്ന് വിശദമാക്കാമോ; | (എ) | 2016-17 വർഷത്തെ അംബേദ്കർ ഗ്രാമ വികസന പദ്ധതിയിൽ ഉൾപ്പെട്ട ഏലിയത്ത് കോളനിയിൽ അംഗീകരിച്ച പ്രവൃത്തികളിൽ ചുറ്റമതിൽ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്.<br><br>30 വീടുകളുടെ പുനരുദ്ധാരണം ഉൾപ്പെടുത്തിയിട്ടുള്ളതിൽ 27 എണ്ണവും , 13 നടപ്പാത / റോഡ് നിർമ്മാണം ഉൾപ്പെടുത്തി യിട്ടുള്ളതിൽ 8 എണ്ണവും പൂർത്തീകരിച്ചിട്ടുണ്ട് |
| (ബി) | ഇനി ഏതെല്ലാം പ്രവൃത്തികളാണ് പൂർത്തിയാക്കാനുള്ളതെന്നും പ്രസ്തുത പ്രവൃത്തികൾ പൂർത്തീകരിക്കാൻ തടസ്സങ്ങളുണ്ടെങ്കിൽ എന്തെല്ലാമാണെന്നും വ്യക്തമാക്കാമോ; | (ബി) | വീട് റിപ്പയർ 3 എണ്ണവും നടപ്പാത / റോഡ് നിർമ്മാണം 5 എണ്ണവും പൂർത്തിയാക്കാനുണ്ട്. പ്രസ്തുത പ്രവൃത്തികളിൽ നടപ്പാത/റോഡ് പ്രവൃത്തികൾ ബീയ്യം കായലിന്റെ പരിസരത്തുള്ള പാടത്തിനോട് ചേർന്ന് ആയതിനാൽ വെള്ളക്കെട്ട് തടസ്സമാകുന്നു. റോഡ് പണിയ്ക്കായി KSEB പോസ്റ്റ് മാറ്റുന്നതിന് ശ്രമിച്ചെങ്കിലും വെള്ളക്കെട്ട് കാരണം സാധിച്ചിട്ടില്ല. |
| (സി) | പ്രസ്തുത പ്രവൃത്തികൾ എന്നത്തേക്ക് പൂർത്തിയാക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ? | (സി) | 2016-17 വർഷത്തെ പദ്ധതികൾ അടിയന്തിരമായി പൂർത്തീ കരിയ്ക്കുന്നതിന് ഏജൻസികൾക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. റോഡ് പണി ഉടൻ തന്നെ പൂർത്തീകരിയ്ക്കുന്നതാണെന്നും ഏജൻസി അറിയിച്ചിട്ടുണ്ട്. അവശേഷിയ്ക്കുന്ന പ്രവൃത്തികൾ കോർപ്പസ് ഫണ്ടിൽ ഉൾപ്പെടുത്തി പൂർത്തീകരിയ്ക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ